അവിടെ പണി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വാരങ്കടവ് പാലത്തിന്റെ പണി കഴിഞ്ഞു. അപ്രോച്ച് റോഡിന്റെ വിശദമായ ഡിസൈൻ ആവശ്യമായി വന്നതിനാൽ, ഇൻവെസ്റ്റിഗേഷൻ നടത്തി, ഡിസൈൻ തയ്യാറാക്കി ഉടനെ തന്നെ അതിന്റെ പണി ആരംഭിക്കുന്നതാണ്. ആവേര പാലത്തിന്റെ പണി പൂർത്തിയായി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. ഈ മേഖലകളിൽ നിലവിലുള്ള പാലങ്ങളിൽ യഥാസമയം പരിശോധന നടത്തിവരുന്നുണ്ട്. അതുപോലെ കെ.എസ്.ടി.പി.-യിൽ കണ്ണൂർ-കൂത്തുപറമ്പ് റോഡുകൾ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം ഈ സബ്മിഷനിൽ ആവശ്യപ്പെട്ടിരുന്നു. അതിനു വേണ്ടിയുള്ള നടപടികൾ എടുത്തു വരുന്നു.

(6) അറുപതു വയസ്സ് തികഞ്ഞ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. പി. ജെ. ജോയി: സർ, കേരളത്തിലെ ത്രിതല പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷനുകളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്നതാണ് ഞാൻ ഉന്നയിക്കുന്ന ആവശ്യം. എല്ലാ വിഭാഗം ആളുകൾക്കും പെൻഷൻ നൽകുന്ന കാലഘട്ടമാണ്. ഞാൻ ആവശ്യപ്പെടുന്നത് എല്ലാ മുൻ അംഗങ്ങൾക്കും നൽകണമെന്നില്ല. സാധാരണ പെൻഷൻ പ്രായം 60 വയസ്സാണ്. അംഗങ്ങൾക്ക് 60 വയസ്സ് തികയുന്ന മുറയ്ക്ക്, ഒരു നിശ്ചിത തുക മാസംതോറും പെൻഷനായി നൽകാൻ ഗവൺമെന്റ് തീരുമാനിക്കണമെന്നതാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട മന്ത്രി അതിന്മേൽ യുക്തമായ തീരുമാനം അടിയന്തരമായി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷനും മറ്റുള്ള ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയുള്ള നിവേദനം ശ്രീ. പി. ജെ. ജോയി എം.എൽ.എ. മുഖേന സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രൊഫ. സാവിത്രി ലക്ഷ്മണനും ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. പഞ്ചായത്ത് മെമ്പർമാരുടെ സേവനം പരിഗണിച്ച് അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കാൻ സർക്കാരിന് അതിയായ ആഗ്രഹമുണ്ട്. വലിയ സാമ്പത്തിക ബാദ്ധ്യത വേണ്ടിവരും എന്നതിനാൽ ഇക്കാര്യം വളരെ വിശദമായി പരിശോധിച്ചുവരുന്നു. ഉടൻതന്നെ ഇക്കാര്യത്തിൽ നടപടിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(7) ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകളിൽ ഉപയോഗിക്കുന്ന നൂൽ, സൂചി, മരുന്നുകൾ എന്നിവയുടെ ദൗർലഭ്യം പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിലും താലൂക്കാശുപത്രികളിലും മെഡിക്കൽകോളേജുകളിലും ഓപ്പറേഷൻ തിയേറ്ററുകളിലേക്കാവശ്യമായ നൂലും സൂചിയും മരുന്നും ഉൾപ്പെടെയുള്ള സാധനങ്ങൾ ഇല്ലാതായിട്ട് മാസങ്ങളായി. രോഗികൾ ഇവ വാങ്ങിക്കൊണ്ട് ചെന്നാൽ മാത്രമേ ഓപ്പറേഷൻ നടക്കുകയുള്ളൂ. അല്ലെങ്കിൽ ഓപ്പറേഷൻ നടക്കാത്ത സ്ഥിതിയാണ് ആശുപത്രികളിൽ വ്യാപകമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly